പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1938 — 10.03.2020 -ൽ മറുപടിക്ക്.

## ഭക്ഷ്യധാന്യങ്ങളുടെ ലഭ്യതയും ഗുണനിലവാരവും

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എസ്.ശർമ്മ** | **ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |

(എ) ഭക്ഷ്യ ഭദ്രത നിയമം അനുസരിച്ച് എത്ര ഭക്ഷ്യ ധാന്യങ്ങൾ കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് നൽകുന്നുണ്ടെന്ന് വ്യക്തമാക്കാമോ ;

(എ) ഭക്ഷ്യ ഭദ്രത നിയമം അനുസരിച്ച് പ്രതിവർഷം 14.25 ലക്ഷം മെട്രിക് ടൺ ഭക്ഷ്യധാന്യമാണ് കേന്ദ്ര സർക്കാരിൽ നിന്ന് ലഭിച്ചു കൊണ്ടിരിക്കുന്നത്. ഇനം തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| വിഭാഗം | പ്രതിമാസ അളവ് (മെട്രിക് ടണ്ണിൽ) | | |
|---|---|---|---|
| | അരി | ഗോതമ്പ് | ആകെ |
| എ.എ.വൈ | 17757.490 | 3095.475 | 20852.965 |
| പ്രയോറിറ്റി | 52073.178 | 12533.742 | 64606.920 |
| ടൈഡ് ഓവർ | 26835.124 | 6459.074 | 33294.198 |
| **ആകെ** | **96665.792** | **22088.291** | **118754.083** |

(ബി) കേന്ദ്ര വിഹിതത്തിൽ ഓരോ മാസവും കുറവ് വരുന്നുണ്ടോ; എങ്കിൽ അതിന്റെ കാരണമെന്തെന്ന് വിശദമാക്കാമോ;

(ബി) ഇല്ല. എന്നാൽ മുൻഗണനാ വിഭാഗത്തിനനുവദിച്ച ഭക്ഷ്യധാന്യങ്ങളിൽ 2019 ഏപ്രിൽ മാസം വരെയുണ്ടായിരുന്ന അധിക നീക്കിയിരിപ്പ്, 2019 നവംബർ മുതൽ 2020 ഏപ്രിൽ വരെയുള്ള മാസങ്ങളിലെ വിഹിതത്തിൽ നിന്ന് കേന്ദ്ര സർക്കാർ കുറവ് ചെയ്തിരുന്നു.

(സി) ഭക്ഷ്യസാധനങ്ങൾ എഫ്.സി.ഐ. യിൽ നിന്നും ശേഖരിക്കുമ്പോൾ ഗുണനിലവാരം പരിശോധിക്കുവാൻ എന്ത് സംവിധാനമാണ് നിലവിലുള്ളതെന്നും ഇത് ഫലപ്രദമാണോ എന്നും വിശദമാക്കാമോ ?

(സി) എഫ്.സി.ഐ യിൽ നിന്നും ഭക്ഷ്യധാന്യങ്ങൾ വിട്ടെടുക്കുന്നതിന് മുൻപായി താലൂക്ക് സപ്ലൈ ഓഫീസർ എൻ.എഫ്.എസ്.എ ക്വാളിറ്റി കൺട്രോളർ, സപ്ലൈകോ അസിസ്റ്റന്റ് മാനേജർ, എഫ്.സി.ഐ ക്വാളിറ്റി കൺട്രോളർ എന്നിവർ ചേർന്ന് പരിശോധിച്ച് മാർക്ക് ചെയ്യുന്ന സ്റ്റോക്കുകളിൽ നിന്നാണ് എൻ.എഫ്.എസ്.എ ഗോഡൗണുകളിലേക്ക് ഭക്ഷ്യ ധാന്യങ്ങൾ വിട്ടെടുക്കുന്നത്. എന്നിരുന്നാലും ചില അവസരങ്ങളിൽ എഫ്.സി.ഐ യിൽ നിന്നും വിട്ടെടുത്ത സ്റ്റോക്കിൽ ഗുണനിലവാരമില്ലാത്ത ഭക്ഷ്യ ധാന്യങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ